തൊഴിലാളികളുണ്ട്; attached ആയിട്ടു നിൽക്കുന്ന തൊഴിലാളികളുണ്ട്. അങ്ങനെയുള്ളവർ കാർഡ് ചോദിക്കുമ്പോൾ കാർഡ് കൊടുക്കുന്ന ഒരു സമ്പ്രദായമുണ്ട്. അതും പരിശോധിച്ചു തന്നെയാണ് കൊടുക്കുന്നത്. ചുമട്ടു തൊഴിലാളികൾക്കുമാത്രമേ കാർഡു കൊടുക്കുകയുള്ളൂ എന്നുള്ള ഒരു സംവിധാനമാണ് ഇപ്പോൾ സ്വീകരിച്ചിട്ടുള്ളത്.

(27) വിവിധ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ

ശ്രീ. പി. ജെ. ജോയി: എറണാകുളം മൈനർ ഇറിഗേഷൻ ഡിവിഷന്റെ കീഴിൽ കാലടി സെക്ഷനിൽപ്പെട്ട ഒട്ടേറെ മൈനർ ഇറിഗേഷൻ പദ്ധതികൾ ഇന്നു പ്രവർത്തനരഹിതമായിരിക്കുകയാണ്. അതിൽ പ്രധാനമായത് ആവണംകോട് എൽ.ഐ. സ്കീം ആണ്. അഞ്ച് മോട്ടോറുകളാണ് അതിൽ പ്രവർത്തിക്കേണ്ടത്. പക്ഷേ മൂന്നെണ്ണം മാത്രമാണ് ഇപ്പോൾ പ്രവർത്തിക്കുന്നത്. രണ്ടെണ്ണം കാലപ്പഴക്കം കൊണ്ട് സ്ഥിരമായി പ്രവർത്തിക്കാതിരിക്കുകയാണ്. മൂന്നെണ്ണത്തിൽത്തന്നെ ചിലത് വല്ലപ്പോഴും പ്രവർത്തിക്കുന്ന ഒരു സ്ഥിതിയിലാണ്. നയത്തോട് ഉൾപ്പെടെയുള്ള ടെയിൽ എൻഡിൽ വെള്ളം എത്തുന്നില്ല. ഇത് വളരെ ഗുരുതരമായ പ്രശ്നമാണ്. അതുപോലെതന്നെ കാഞ്ഞൂർ-എടനാട് സ്കീം. അവിടെ രണ്ടു മോട്ടോറുകളാണുള്ളത്. ഒരു മോട്ടോർ സ്ഥിരമായി വർക്കു ചെയ്യുന്നില്ല. അതിന്റെ ടെയിൽ എൻഡിലും വെള്ളമെത്തുന്നില്ല. അതുപോലെ തന്നെ ശ്രീഭൂതപുരം എൽ.ഐ. സ്കീം, പൈപ്പുകൾ പൊട്ടി നാശോന്മുഖമാകുന്നു, ഇടയ്ക്കിടെ മോട്ടോറുകളും പ്രവർത്തന രഹിതമാകുന്നു. അവിടെ വളരെ ഗുരുതരമായ സ്ഥിതിയാണുള്ളത്. പെരിയാറിൽക്കൂടി പോകുന്ന വെള്ളം പമ്പ് ചെയ്ത്, ജലസേചനവും കുടിവെള്ളവും ലഭ്യമാക്കുന്ന പദ്ധതികൾ എത്രയും വേഗം പ്രവർത്തനക്ഷമമാക്കണം. അവിടെ ഇലക്ട്രിക്കൽ എൻജിനീയർ ഇല്ലാതായിട്ട് മാസങ്ങളായി.എൻജിനീയറെ പോസ്റ്റ് ചെയ്യണം. ആലുവയിലുള്ള എൻജിനീയർക്കാണ് ഇപ്പോൾ ചാർജ്ജ്. വളരെ ഗുരുതരമായ സ്ഥിതിവിശേഷമാണ് അവിടെ നിലനിൽക്കുന്നത്. അതുകൊണ്ട് ഇതിനെല്ലാം ബദൽ സംവിധാനം ചെയ്ത്, എവിടെ നിന്നെങ്കിലും മോട്ടോറുകൾ കൊണ്ടുവന്ന് ഇതു പ്രവർത്തനക്ഷമമാക്കാനുള്ള സത്വര നടപടി ഗവൺമെന്റ് സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, ബഹുമാനപ്പെട്ട പി.ജെ. ജോയി പറഞ്ഞതുപോലെ ആവണംകോട് എൽ.ഐ. സ്കീം, കാഞ്ഞൂർ എടനാട് എൽ.ഐ. സ്കീം എന്നീ രണ്ട് സ്കീമുകളുടെയും പ്രവർത്തനം ഇപ്പോൾ വേണ്ട വിധത്തിൽ ആയിട്ടില്ല. സാമ്പത്തിക പരാജയം തന്നെയാണ് പ്രധാനപ്പെട്ട പ്രശ്നം. നമുക്ക് സ്റ്റെപ്പിനി വയ്ക്കാൻ നിവൃത്തിയില്ലാതെ വന്നതുകൊണ്ടാണ് അങ്ങനെ വന്നുപെട്ടത്. ആവണംകോട് എൽ.ഐ. സ്കീമിൽ രണ്ടു മൂന്നു ദിവസത്തിനുള്ളിൽ പമ്പിംഗ്

LIBRARY ARCHIVES Kerala Legislative Assembly